പൊതുവിദ്യാഭ്യാസ
സംരക്ഷണയജ്ഞം

# ജാലകം 2025

# <u>ഉള്ളടക്കം</u>

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. വിദ്യാലയ ലഘുചരിത്രം

4. വിദ്യാലയം - മികവിന്റെ കേന്ദ്രം

5. പദ്ധതി രൂപീകരണ പ്രക്രീയ - വിവിധ ഘട്ടങ്ങളിലൂടെ നടന്ന കാര്യങ്ങൾ

6. നിലവിലുള്ള അവസ്ഥ വിശകലനം

7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

8. പദ്ധതി വിശദാംശങ്ങൾ

9. പ്രതീക്ഷിത നേട്ടങ്ങൾ

10. മോണിട്ടറിംഗ്

11. ഉപസംഹാരം

# സമർപ്പണം

1. മാനേജർ –

2. ഡെപ്യൂട്ടി ഡയറക്ടർ –

3. ജില്ലാവിദ്യാഭ്യാസ ഓഫീസർ –

4. പി.റ്റി.എ പ്രസിഡന്റ് –

5. പഞ്ചായത്ത് പ്രസിഡന്റ് –

6. വാർഡ് മെമ്പർ –

## ആമുഖം

എ.ഇ.പി.എം.എസ്.എസിനെ എല്ലാ അർത്ഥത്തിലും മികവിന്റെ കേന്ദ്രമാക്കി മാറ്റി എടുക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസം കരുത്ത് ആർജ്ജിക്കുന്നതിനായി നടപ്പാക്കി വരുന്ന സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയുടെ രണ്ടാം ഘട്ടമായി നമുക്ക് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ കാണേണ്ടതുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തോളം നാം പൊതുവിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ അക്കാദമികവും, ഭൗതികവും, സാമൂഹികവുമായ നേട്ടങ്ങളെ നിലനിർത്തി ഭാവിയുടെ സാംസ്കാരിക കേന്ദ്രങ്ങളായി നമ്മുടെ വിദ്യാലയത്തെയും മാറ്റി എടുക്കുന്നതിന് നമുക്ക് യജ്ഞത്തിൽ പങ്കാളി ആകേണ്ടതുണ്ട്.

നമ്മുടെ സ്കൂളിന്റെ ഖ്യാതി പരിപോഷിപ്പിക്കുന്നതിനും ആധുനികവുമായ വെല്ലുവിളികൾ നേരിടുന്നതിനും നാം ഓരോരുത്തരും ഇതിൽ കൈകോർക്കേണ്ടതുണ്ട്. വരും തലമുറയ്ക്ക് നാം നൽകുന്ന ഏറ്റവും വലിയ സംഭാവനയായി ഈ പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്.

വിദ്യാലയത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും സമസ്ത മേഖലയേയും സ്പർശിച്ച് കൊണ്ടുള്ള സംരക്ഷണ യജ്ഞമാണ് ലക്ഷ്യമിടുന്നത്. വിഷയാടിസ്ഥാനത്തിലുള്ള മികവ് മാനവികത, അവസരതുല്യത, പങ്കാളിത്തം എന്നിവയെല്ലാം ഉറപ്പുവരുത്തി എല്ലാവിഭാഗം ജനവിഭാഗങ്ങളിലെ വിദ്യാർത്ഥികളെയും ശാരിരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളേയും പരിഗണിച്ച് വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്.

കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ വികസനപദ്ധതിയ്ക്ക് നൽകിയ പിന്തുണ രണ്ടാം ഘട്ടത്തിലും എല്ലാ ജനവിഭാഗങ്ങളിൽ നിന്നും ആർജ്ജിച്ച എഴുകോൺ പഞ്ചായത്തിലെ എ.ഇ.പി.എം.എച്ച്.എസ്.എസ് ഇരുമ്പനങ്ങാടിയെ അന്താരാഷ്ട്ര നിലവാരമുള്ള മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് നമുക്ക് ഒരുമിച്ച് കൈകോർക്കാം.

ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടേയും ധാരണകളും നൈപുണ്യങ്ങളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികവിന്റെ കേന്ദ്രമാക്കി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചിട്ടുള്ളത്. അറിവിനെ സ്കൂളിനുപുറത്തുള്ള ജീവിതവുമായി ബന്ധപ്പെടുത്തുക, കാണാപ്പാഠം പഠിപ്പിക്കുന്ന രീതി ഒഴിവാക്കുക, പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്ക് പഠനപ്രവർത്തനത്തെ വികസിപ്പിക്കുക, പഠനവും, പരീക്ഷയും തമ്മിൽ ഉദ്ഗ്രഥിക്കുക, നിരന്തര മൂല്യനിർണ്ണയത്തിന്റെയും വിലയിരുത്തലിന്റെയും സാധ്യത പ്രയോജനപ്പെടുത്തുക. തുടങ്ങിയ ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ നിർദ്ദേശങ്ങളും പ്രക്രീയാബന്ധിതവും, പ്രവർത്തനാധിഷ്ഠിതവും, ശിശുകേന്ദ്രീകൃതവുമായ പഠനമാണ് ക്ലാസ് റൂമിൽ നടക്കേണ്ടതെന്ന വിദ്യാഭ്യാസ അവകാശനിയമം മുന്നോട്ട് വയ്ക്കുന്ന ആശയങ്ങളിലും ഊന്നി നിന്നുകൊണ്ടാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ നിർണ്ണയിച്ചിട്ടുള്ളത്.

1 മുതൽ 12 വരെ ഓരോ ക്ലാസിവും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണ്യങ്ങളും - അന്താരാഷ്ട്രനിലവാരത്തിൽ- ഓരോ കുട്ടിയുടേയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം. പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാകണം, കലാകായിക പ്രവൃത്തി പരിചയപഠനത്തിൽ പങ്കാളിത്തവും, താത്പര്യവും ഉറപ്പാക്കണം, സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം തുടങ്ങിയവ കൈവരിക്കണം, ഓരോ കുട്ടിയും മൂന്ന് ഭാഷയിലെങ്കിലും ആശയവിനിമശേഷി നേടണം.

♦ എല്ലാ കുട്ടികൾക്കും എല്ലാമേഖലകളിലും ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.

♦ അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ പഠനോപകരണ ങ്ങൾ ഭൗതികസൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കും.

♦ ഉന്നത നിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കാൻ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.

- ഐ.റ്റി.സി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.

- ക്ലാസ് മുറികളിൽ ഐ.റ്റി.സി അധിഷ്ഠിത ക്ലാസുകൾ ഉറപ്പാക്കുന്നതിലൂടെ ബഹുമുഖ പഠന തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമമാക്കും.

- കലാകായിക പ്രവൃത്തിപരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.

- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷാത്മക പഠനത്തിനും അവസരം ഒരുക്കും.

- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിൽ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയും സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.

- സ്കൂൾ ലൈബ്രറി, ലബോറട്ടറികൾ ഇവ ആധുനികവത്കരിക്കുക

- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ എന്നീ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.

- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കും.

- മദ്യപാനം, മയക്കുമരുന്ന് ഉവയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കും.

- പ്ലാസ്റ്റിക് മുക്ത - കീടനാശിനി മുക്ത-ലഹരി മുക്തക്യാമ്പ് സൃഷ്ടിക്കും.

- പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.
- കുട്ടികൾക്ക് ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കും.

## വിദ്യാലയ ചരിത്രം

കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിൽ  എഴുകോൺ പഞ്ചായത്തിൽ ഇരുമ്പന ങ്ങാട് ഗ്രാമപഞ്ചായത്തിന്റെ തിലകക്കുറിയായി ശോഭിക്കുന്ന സരസ്വതി ക്ഷേത്രമാണ് എ.ഈശ്വരപിള്ള മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂൾ (എ.ഇ.പി.എം.എച്ച്. എസ്.എസ്) സ്ഥാപക മാനേജരുടെ പേരിലാണ് ഈ സ്കൂൾ അറിയപ്പെടുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക ഭൂപടത്തിൽ പ്രൗഢമായ സ്ഥാനം അലങ്കരിക്കുന്ന മഹത് വിദ്യാലയമാണ് ഇത്. കാലം നൂറ്റാണ്ട് പിന്നിടുന്ന ബ്രിട്ടീഷ് ഭരണം. കേരളത്തിൽ വിരലിലെണ്ണാവുന്ന ഹൈസ്കൂൾ മാത്രമാണുണ്ടായിരുന്നത്. ദീർഘദർശിയായ ശ്രീ.എ.ഈശ്വരപിള്ള എന്ന ബാലൻ തനിക്ക് വിദ്യാഭ്യാസത്തിന് അനുഭവിക്കേണ്ടി വന്ന ക്ലേശങ്ങൾ തന്റെ പിൻഗാമികൾക്കുണ്ടാകരുത് എന്ന ദൃഢനിശ്ചയത്തോടെ 14-ാം വയസ്സിൽ തിരുവനന്തപുരത്തേക്ക് എത്തി ഡി.പി.ഐ യ്ക്ക് ഇരുമ്പനങ്ങാട് സ്കൂൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകി. അന്നത്തെ ഡി.പി.ഐ യ്ക്ക് ഇരുമ്പനങ്ങാട് സ്കൂൾ ആരംഭിക്കുന്നതിന് അപേക്ഷ നൽകി. അന്നത്തെ ഡി.പി.ഐ യ്ക്ക് വലിയയ ആവേശവും കൗതുകവുമുണ്ടാക്കി. അദ്ദേഹം ആ ബാലനെ പ്രശംസിക്കുകയും പ്രോത്സാഹിപ്പിക്കുകയും അധികം താമസിയാതെ ഇരുമ്പനങ്ങാട് സ്കൂൾ അനുവദിക്കുകയും ചെയ്തു.

## ആദ്യകാല പ്രവർത്തനം

പ്രതിസന്ധികളേയും വെല്ലുവിളികളേയും അതിജീവിച്ചുകൊണ്ട് മലയാളം 9-ാം ക്ലാസ് വരെയും, ആയുർവേദ കോഴ്സും അതേവർഷം തന്നെ ആരംഭിച്ചു. 1937 ൽ സമ്പൂർണ്ണ ഹൈസ്കൂളായി എച്ച്.എസ്.ഇരുമ്പനങ്ങാട് എന്ന പേരിൽ പ്രശസ്തമായി. ഹൈസ്കൂളിൽ പിന്നീട് റ്റി.റ്റി.സി കോഴ്സ് അനുവദിച്ചു. 15 കിലോമീറ്റർ ചുറ്റളവിൽ നിന്നുവരെ ഇവിടേയ്ക്ക് കാൽനടയായി കുട്ടികൾ പഠിക്കാൻ വന്നിരുന്നു. ഇരുമ്പനങ്ങാട് എന്ന ഗ്രാമം കേരളമെമ്പാടും അറിയപ്പെട്ടു. ശ്രീ.ചന്ദ്രശേഖരൻ നായർ , ശ്രീ.എ.ഈശ്വരപിള്ളയുടെ മകൻ മുൻ ഭക്ഷ്യസിവിൽ സപ്ലൈസ് മന്ത്രി, ഹെഡ്മാസ്റ്ററും, ഗണിതഅദ്ധ്യാപകനുമായി  ചുമതലയേറ്റു. ശ്രീ.കൃഷ്ണൻ നായർ (ശ്രീ.ഈശ്വരപിള്ളയുടെ മകൻ) സ്കൂളിന്റെ ഹെഡ്മാസ്റ്ററായി ചുമതലയേറ്റതോടെ സ്കൂളിൽ പുത്തൻപരിവേഷം ലഭിച്ചു. ശ്രീ.തെങ്ങമം ബാലകൃഷ്ണൻ, കൊട്ടാരക്കര ശ്രീധരൻ നായർ, ശ്രീ.കെ.പി കൊട്ടാരക്കര, ശ്രീ.റ്റി.സി യോഹന്നാൻ, മുൻവയനാട് കളക്ടർ ശ്രീഗോപാലൻ ഐ.എ.എസ് എന്നിവർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

5 മുതൽ 10 വരെ ക്ലാസിലേക്കുള്ള അധ്യായനമാണ് ഇവിടെയുള്ളത്.

| ക്ലാസ് | | കുട്ടികൾ | |
|---|---|---|---|
| | ബോയ്സ് | ഗേൾസ് | ആകെ |
| V | 9 | 17 | 26 |
| VI | 20 | 20 | 40 |
| VII | 21 | 19 | 40 |
| VIII | 32 | 44 | 76 |
| IX | 36 | 39 | 75 |
| X | 33 | 43 | 76 |

- കലാകായിക പ്രവൃത്തി പരിചയ പഠനം സ്കൂളിൽ നന്നായി നടക്കുന്നുണ്ട്
- വിദ്യാലയത്തിൽ ആകെയുള്ള ക്ലാസ് മുറികൾ 29 ആണ് 5 മുതൽ 12 വരെ 22 ഡിവിഷനുകൾ ഉണ്ട്. പ്രവൃത്തി പഠനം, കലാപഠനം ഇവയ്ക്ക് പ്രത്യേക മുറികൾ ഇല്ല. സുസജ്ജമായ കമ്പ്യൂട്ടർ ലാബ്, ഒരു സ്മാർട്ട് ക്ലാസ് റൂം ഇവ ഉണ്ട്. കുട്ടികൾക്ക് ബഞ്ച്, ഡസ്ക് എന്നീ ഇരിപ്പിട സൗകര്യങ്ങൾ ആണ് ഒരുക്കിയിട്ടുള്ളത്. പ്രത്യേകം സ്റ്റാഫ് റൂം, ലൈബ്രറി, സയൻസ്, ലബോറട്ടറി നല്ലൊരു പാചകപ്പുര എന്നീ സൗകര്യങ്ങളുണ്ട്.

**അദ്ധ്യാപകർക്ക് സ്കൂൾ പ്രവർത്തനങ്ങളുടെ ചുമതല വർഷാദ്യത്തിൽ തന്നെ നൽകും.**

| ചുമതലകൾ | എച്ച്.എസ്.വിഭാഗം | എച്ച്.എസ്.എസ്.വിഭാഗം |
|---|---|---|
| | അമ്പിളി രാമചന്ദ്രൻ | മാത്യു.കെ.അലക്സ് |
| സീനിയർ അസിസ്റ്റന്റ് | രാജി.വി | അനിൽ കുമാർ.വി |
| സ്റ്റാഫ് സെക്രട്ടറി | ജി.ജയശ്രീ | സജിനി |
| എസ്.ആർ.ജി കൺവീനർ | ലേജു കൃഷ്ണൻ | |
| അസാപ് | | |
| ഉച്ചഭക്ഷണം | രമ്യ.പി.എസ് | |
| എൻ.എസ്.എസ് | | ശരത്.എസ് |
| പഠനയാത്ര | വിഷ്ണു.ആർ | |
| കലാകായിക മേള | | ശരത്.എസ് |
| ക്ലാബ്ബുകൾ ചുമതലകൾ | | |
| ഗണിതം | ശരണ്യ.ആർ,എസ് | ജ്യോതി ഭാസ്കർ |
| സോഷ്യൽ സയൻസ് | ലേജു കൃഷ്ണൻ | ഗോപകുമാർ |
| സയൻസ് | ജ്യോതിലക്ഷ്മി.കെ.എസ് | |
| ഇംഗ്ലീഷ് | എം.മനുജ | ലിനി |
| ലഹരിവിരുദ്ധം | ലേജുകൃഷ്ണൻ | ശരത്.എസ് |
| മലയാളം | വിഷ്ണു.ആർ | അമ്പിളി.ജി |
| പരിസ്ഥിതി | ജി.ജയശ്രീ | ഗോപകുമാർ |
| കാർഷികം | ലേജുകൃഷ്ണൻ | മോനച്ചൻ |
| ഐറ്റി | അജുമോഹൻ | മോനച്ചൻ |
| ഹിന്ദി | രാജി.ആർ | ശക്തി.എസ് |
| നല്ലപാഠം | | സജി ജോർജ്ജ് |
| ലൈബ്രറി | ലേജു കൃഷ്ണൻ | സജി ജോർജ്ജ് |
| ജെ.ആർ.സി | മിന്നു മുരളീധരൻ | സജി ജോർജ്ജ് |
| സ്കൗട്ട് & ഗൈഡ്സ് | അജുമോഹൻ | നിഖിൽ |
| സീഡ് | | |
| എസ്.പി.സി | വിഷ്ണു.ആർ<br>ശരണ്യ,ആർ.എസ് | |
| ലിറ്റിൽ കൈറ്റ്സ് | അശ്വതി.എൻ.എൽ | |